# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.57

## 05/06/2018 ൽ മറുപടി നൽകേണ്ടത്

### സ്പിൽഓവർ പദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക ഫണ്ട്

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ.ഇ.കെ വിജയൻ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.ആർ.സുനിൽ കുമാർ

**ഉത്തരം**

ഡോ. ടി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | തദ്ദേശ സ്ഥാപനങ്ങളിലെ സ്പിൽഓവർ പദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | ബജറ്റ് തയ്യാറാക്കുന്ന വേളയിൽ പ്രാദേശിക സർക്കാരുകളുടെ സ്പിൽ ഓവർ തുക എത്രയെന്ന് കണക്കാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തുന്ന പതിവില്ല. എന്നാൽ 21/03/2015 ലെ സ.ഉ (അ) നം.119/2015/ധന ഉത്തരവ് പ്രകാരം തനത് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് വഹിക്കാവുന്നതാണ്. വികസന ഫണ്ടിനും സംരക്ഷണ ഫണ്ടിനുമാണ് ഈ ആനുകൂല്യം ലഭ്യമാക്കുന്നത്. അധിക ധനാനുമതി നൽകുന്ന കാര്യം അവശ്യമുള്ള ഘട്ടത്തിൽ തീരുമാനിക്കുന്നതാണ്. |
| (ബി) | പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | |
| (സി) | ഈ പ്രത്യേക ഫണ്ടിന്റെ ആനുകൂല്യം ലഭ്യമാക്കുന്നത് ഏതൊക്കെ പദ്ധതികൾക്കാണെന്ന് വ്യക്തമാക്കുമോ; | |
| (ഡി) | 2018-19 ലെ ബജറ്റ് വിഹിതത്തിൽപ്പെടുത്തിയാണോ പ്രസ്തുത ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | |

സെക്ഷൻ ഓഫീസർ